**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3068** **13-07-2022 - ൽ മറുപടിയ്ക്ക്**

**പടിഞ്ഞാറെക്കര-ഉണ്ണ്യാൽ റോഡിന്റെ സ്ഥലം ഏറ്റെടുപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തവന്നൂർ മണ്ഡലത്തിലൂടെ പോകുന്ന പടിഞ്ഞാറെക്കര-ഉണ്ണ്യാൽ റോഡിൽ സ്ഥലം ഏറ്റെടുക്കാത്തതിനാൽ പ്രവൃത്തി മുടങ്ങി കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കിഫ്ബിയുടെ 16.08.2021 തീയ്യതിയിലെ കത്ത് പ്രകാരം തീരദേശ ഹൈവേക്ക് ആവശ്യമായ വീതിയിൽ സ്ഥലം ലഭ്യമല്ലാത്ത 4.13 കി മി ദൂരം പ്രസ്തുത റോഡ് പ്രവൃത്തിയിൽ നിന്നും ഒഴിവാക്കി ബാക്കി ഭാഗങ്ങളിൽ പ്രവൃത്തി ചെയ്യുന്നതിന് നിർദ്ദേശിച്ചിരുന്നു. ഇത് പ്രകാരം നിർദിഷ്ട വീതി ലഭിക്കാത്ത ഭാഗങ്ങളിൽ സ്ഥലം ഏറ്റെടുക്കേണ്ടി വരുന്നതിനാൽ ചെയിനേജ് 0/000 മുതൽ 1/620 വരെയും, 5/900 മുതൽ 7/110 വരെയും , 13/700 മുതൽ 15/000 വരെയുമുള്ള ഭാഗങ്ങളിൽ പ്രവൃത്തി താത്കാലികമായി നിർത്തിവെച്ചിരിക്കുകയാണ്. |
| (ബി) | എങ്കിൽ എവിടെ മുതൽ എവിടെ വരെയാണ് ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | പടിഞ്ഞാറേക്കര മുതൽ ഉണ്ണ്യാൽ വരെ വരുന്ന റോഡിൽ താഴെ പറയുന്ന 3 ഇടങ്ങളിലായി ആണ് ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുള്ളത്.<br><br>1).പുത്തൂർ വില്ലേജിലെ പടിഞ്ഞാറേക്കര (ചെയിനേജ് 0/000 മുതൽ 1/620 വരെ)<br><br>2).കൂട്ടായി ടൗൺ ഏരിയ, (ചെയിനേജ് 5/900 മുതൽ 7/110 വരെ)<br><br>3).നിറമരുതൂർ വില്ലേജിലെ ഉണ്ണിയാൽ (ചെയിനേജ് 13/700 മുതൽ 15/000) |
| (സി) | പ്രസ്തുത പ്രവൃത്തിക്കായി തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്; പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ? | (സി) | ഉണ്ട്. പടിഞ്ഞാറേക്കര മുതൽ ഉണ്ണ്യാൽ വരെയുള്ള ഭാഗത്ത് മേൽ സൂചിപ്പിച്ച മൂന്ന് സ്ഥലങ്ങളിലായി 4.13 കി.മി നീളത്തിൽ സ്ഥലം ഏറ്റെടുക്കുന്നതിന് കിഫ്ബിയുടെ 31/ 01/2022 തീയ്യതിയിലെ ഓർഡർ നമ്പർ 'PWD014-01/APR-5/2022/KIIFB' പ്രകാരം നാല് കോടി മുപ്പത് ലക്ഷം രൂപയുടെ സാമ്പത്തികാനുമതിയും 18/04/2022 തീയ്യതിയിലെ G.O(Rt) No.1688/2022/RD ഉത്തരവ് പ്രകാരം 332.075 സെന്റ് ഭൂമി ഏറ്റെടുക്കുന്നതിനുള്ള റവന്യൂ |

| | | | |
|---|---|---|---|
| | | | വകുപ്പിന്റെ ഭരണാനുമതിയും ലഭിക്കുകയുമുണ്ടായി.ഭൂമി ഏറ്റെടുക്കൽ നടപടികൾ സ്വീകരിക്കുന്നതിനായി റിക്വസിഷൻ ഫോം മലപ്പുറം ജില്ലാ കളക്ടർക്ക് നൽകുകയും തുടർന്ന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള 6(1) നോട്ടിഫിക്കേഷൻ ലഭ്യമായിട്ടുമുണ്ട്. അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിക്കു സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിച്ചിരിക്കുകയുമാണ് . |

സെക്ഷൻ ഓഫീസർ